**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 89** **04-10-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് കബഡി ടീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന പോലീസ് സേനയിൽ പ്രൊഫഷണലായി പരിശീലനം ലഭിച്ച ഏതൊക്കെ സ്പോർട്ട്സ് ടീമുകൾ നിലവിലുണ്ട് എന്ന് വിശദീകരിക്കുമോ; | (എ) | സംസ്ഥാന പോലീസ് സേനയിൽ പ്രൊഫഷണലായി പരിശീലനം ലഭിച്ച നിലവിലുള്ള സ്പോർട്ട്സ് ടീമുകൾ ഇവയാണ്. 1) അത് ലറ്റിക്സ് (പുരുഷ-വനിതാ വിഭാഗങ്ങൾ) 2) വോളിബോൾ (പുരുഷ-വനിതാ വിഭാഗങ്ങൾ) 3) ബാസ് കറ്റ് ബോൾ (പുരുഷ- വനിതാ വിഭാഗങ്ങൾ) 4) നീന്തൽ (സ്വിമ്മിംഗ്) (പുരുഷ- വനിതാ വിഭാഗങ്ങൾ) 5) ഫുട്ബോൾ (പുരുഷ വിഭാഗം) 6) ഹാന്റ് ബോൾ (പുരുഷ വിഭാഗം) 7) ജൂഡോ (പുരുഷ വിഭാഗം) 8) വാട്ടർ പോളോ (പുരുഷ വിഭാഗം) 9) ഷൂട്ടിംഗ് (വനിതാ വിഭാഗം) |
| (ബി) | പ്രൊഫഷണലായി പരിശീലനം ലഭിച്ച കബഡി താരങ്ങളെ ഉൾപ്പെടുത്തി പോലീസ് സേനയിൽ പോലീസ് കബഡി ടീം ഉണ്ടാക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കേരളാ പോലീസിൽ വിവിധ ടീമുകൾക്കായി സർക്കാർ കാലാകാലങ്ങളിൽ അനുവദിച്ച സ്പോർട്ട്സ് ക്വാട്ട തസ്തികകൾ വഴി നിയമനം നടത്തി പരിശീലനം നൽകി വരികയാണ്. കേരള പോലീസിൽ സ്പോർട്ട്സ് ക്വാട്ട നിയമനത്തിനായി 30.08.2018 തീയതിയിലെ ജി.ഒ.(എം.എസ്) 136/2018/ആഭ്യന്തരം, 07.01.2020 തീയതിയിലെ ജി.ഒ (എം.എസ്) 05/2020/ആഭ്യന്തരം എന്നിവ പ്രകാരം 150 തസ്തികകൾ അനുവദിച്ച് സർക്കാർ ഉത്തരവ് ആയിട്ടുള്ളതിൽ കബഡി ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ അനുവദിക്കപ്പെട്ടിരിക്കുന്ന ടീമുകൾക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ എണ്ണം തസ്തികകളിൽ നിന്നും കബഡി ടീമിനായി തസ്തിക കണ്ടെത്തുക ദുഷ്കരമാണ്. ആൾ ഇന്ത്യാ പോലീസിൽ മത്സര ഇനമായി പുരുഷ വനിത കബഡി മത്സരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളാ പോലീസിൽ കോൺസ്റ്റബിൾ തസ്തികകളിൽ കബഡി മത്സരങ്ങൾക്കായി തസ്തികകൾ പുതുതായി അനുവദിക്കുന്ന കാര്യം നിലവിൽ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ